2024
MARCH
01
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ബംഗ്ലാദേശിൽ ബഹുനില കെട്ടിടത്തിന് തീപിടിച്ച് 43 മരണം

**ധാക്ക:** ബംഗ്ലാദേശ് തലസ്ഥാനമായ ധാക്കയിൽ ബഹുനില കെട്ടിടത്തിന് തീപിടിച്ച് 43 പേർ മരിച്ചു. നാൽപതിൽ അധികം പേർക്ക് പരിക്കേറ്റു. വ്യാഴാഴ്ച രാത്രി ഏഴ് നിലകളുള്ള കെട്ടിടത്തിനാണ് തീപിടിച്ചത്.

ഇതുവരെ 43 പേർ തീപിടിത്തത്തിൽ മരിച്ചുവെന്ന് ബംഗ്ലാദേശ് ആരോഗ്യമന്ത്രി സാമന്ത ലാൽ സെൻ പറഞ്ഞു. പരിക്കേറ്റ 40 പേർ നഗരത്തിലെ പ്രധാന ആശുപത്രികളിൽ ചികിത്സയിലാണെന്നും സെൻ പറഞ്ഞു.

വ്യാഴാഴ്ച രാത്രി പ്രാദേശിക സമയം 9.50 ന് ധാക്കയിലെ ബെയ്‌ലി റോഡിലെ ഒരു പ്രശസ്തമായ ബിരിയാണി റെസ്റ്റോറൻറിലാണ് തീപിടിത്തമുണ്ടായത്. പിന്നീട് തീ മുകളിലത്തെ നിലകളിലേക്ക് പടരുകയുമായിരുന്നു.

അഗ്നിശമന സേനാംഗങ്ങൾ രണ്ട് മണിക്കൂർ കൊണ്ടാണ് തീ നിയന്ത്രണ വിധേയമാക്കിയതെന്ന് ഫയർ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥൻ മുഹമ്മദ് ഷിഹാബ് പറഞ്ഞു. 75 പേരെ അവർ ജീവനോടെ രക്ഷിച്ചതായി അഗ്നിശമനസേനയുടെ പ്രസ്താവനയിൽ പറയുന്നു.

## റഷ്യൻ യുദ്ധമുഖത്തു കുടുങ്ങിയത് 20 ഇന്ത്യക്കാർ': തിരിച്ചെത്തിക്കാൻ ചർച്ചകൾ

**ന്യൂഡൽഹി:** റഷ്യൻ യുദ്ധമുഖത്തു കുടുങ്ങിയതു 20 ഇന്ത്യക്കാരെന്ന് സ്ഥിരീകരിച്ച് ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം. ഇവരെ തിരിച്ചെത്തിക്കാൻ ചർച്ചകൾ തുടരുകയാണെന്നും മന്ത്രാലയം അറിയിച്ചു. റഷ്യയിൽ കുടുങ്ങിക്കിടക്കുന്ന 20 പേർ ഇന്ത്യൻ അധികൃതരുമായി ബന്ധപ്പെട്ടെന്നാണു വിദേശകാര്യ മന്ത്രാലയത്തിന്റെ അറിയിപ്പ്. ഇവരെ തിരികെ എത്തിക്കാനുള്ള ശ്രമത്തിലാണെന്നു വിദേശകാര്യ മന്ത്രാലയം വക്താവ് രൺധിർ ജയ്സ്വാൾ പറഞ്ഞു. യുദ്ധമേഖലയിലേക്കു കടക്കരുതെന്നും പ്രതിസന്ധി നിറഞ്ഞ സാഹചര്യങ്ങളിൽ അകപ്പെടരുതെന്നും ആളുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. മോസ്കോയിലെയും ന്യൂഡൽഹിയിലെയും റഷ്യൻ അധികൃതരുമായി നിരന്തരം ബന്ധപ്പെടുന്നുണ്ടെന്നും രൺധിർ ജയ്!സ്!വാൾ പറഞ്ഞു.

മികച്ച ജോലികൾ ലക്ഷ്യമിട്ട് റഷ്യയിലെത്തിയ ഇന്ത്യക്കാരാണു യുക്രെയ്ന് എതിരെ യുദ്ധം ചെയ്യാൻ നിർബന്ധിതരായിരിക്കുന്ന



ത്. റഷ്യയിലെത്തിയ ഹൈദരാബാദിൽനിന്നുള്ള മുഹമ്മദ് സൂഫിയാൻ എന്നയാൾ ഏജന്റിന്റെ ചതിയിൽപ്പെടുകയായിരുന്നു. തുടർന്നു റഷ്യൻ സൈന്യത്തിൽ ചേരാൻ നിർബന്ധിതനായി. റഷ്യയിൽ കുടുങ്ങിക്കിടക്കുന്ന ചെറുപ്പക്കാരെ സുരക്ഷിതരായി തിരികെ എത്തിക്കണമെന്നും ഏജന്റിന് എതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് സൂഫിയാന്റെ കുടുംബം കേന്ദ്രസർക്കാരിനെയും വിദേശകാര്യ മന്ത്രാലയത്തെയും സമീപിച്ചു.

ഇന്ത്യക്കാർ റഷ്യൻ യുദ്ധമുഖത്തു കുടുങ്ങിക്കിടക്കുന്നതു സംബന്ധിച്ചു കേന്ദ്രത്തിന് വിവരം ലഭിക്കുന്നത് ഫെബ്രുവരി 23 നാണു. ഇവരുടെ മോചനത്തിനായി ശ്രമിക്കുകയാണെന്നും കേന്ദ്രം തുടർന്നു വ്യക്തമാക്കിയിരുന്നു. റഷ്യയിൽ ആർമി സെക്യൂരിറ്റി ഹെൽപർ തസ്തികയിലേക്കു ജോലിക്കു പോയവരെയാണ് യുക്രെയ്നിലെ ഡോണെറ്റ്സ്കിൽ യുദ്ധമുഖത്തു റഷ്യ ഡ്യൂട്ടിക്കു നിയോഗിച്ചത്. അവിടെനിന്നു രക്ഷപ്പെട്ട് ആശുപത്രിയിലെത്തിയവരിലൊരാളുടെ കുടുംബാംഗങ്ങൾ അസദുദ്ദീൻ ഉവൈസി എംപിയെ ബന്ധപ്പെട്ടപ്പോഴാണ് വിവരം പുറത്തറിഞ്ഞത്. യുപി, ഗുജറാത്ത്, പഞ്ചാബ്, തെലങ്കാന എന്നിവിടങ്ങളിൽനിന്നുള്ളവരാണ് യുട്യൂബ് ചാനലിലെ വിവരം കണ്ട് ഫസൽ ഖാൻ എന്ന ഏജന്റ് വഴി നവംബറിൽ റഷ്യയിലെത്തിയത്.

മോസ്കോയ്ക്കു സമീപം ടെന്റിൽ താമസിപ്പിച്ച് 2 മാസം ആയുധപരിശീലനം നൽകുകയും തുടർന്ന് ഡോണെറ്റ്സ്കിലേക്കു തള്ളിവിടുകയുമായിരുന്നുവെന്നാണു വിവരം. രക്ഷപ്പെടാൻ ശ്രമിച്ചപ്പോൾ പിടികൂടി സൈന്യത്തിന്റെ സാമഗ്രികൾ ചുമക്കാനേൽപിച്ചു. പലവട്ടം വെടിവയ്പ് നേരിട്ടു.

## സെമികണ്ടക്റ്റർ വ്യവസായം: വൻ നിക്ഷേപം

**കൊച്ചി:** ഇന്ത്യയുടെ സെമികണ്ടക്റ്റർ വ്യവസായ മേഖലയിൽ നിക്ഷേപിക്കാൻ ആഗോള കമ്പനികൾ സജീവമായി രംഗത്തെത്തുന്നു. ഇസ്രയേലിലെ മുൻനിര സെമികണ്ടക്റ്റർ ചിപ്പ് നിർമാണ കമ്പനിയായ ടവർ ഇന്ത്യയിൽ പുതിയ ചിപ്പ് ഫാബ്രിക്കേഷൻ യൂണിറ്റ് ആരംഭിക്കാൻ കേന്ദ്ര സർക്കാരിന് അപേക്ഷ നൽകി. ഇസ്രയേൽ കമ്പനിക്കായി വിപുലമായ ആനുകൂല്യങ്ങൾക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയേക്കും.

ഇന്ത്യയിലെ ആദ്യത്തെ മൈക്രോ ഇലക്ട്രോണിക്സ് എൻജിനീയറിങ് മാനുഫാക്ച്ചറിങ് സംവിധാനമാണ് ടവർ ഒരുക്കുന്നത്. 1000 കോടി ഡോളറിൻറെ നിക്ഷേപമാണ് പദ്ധതിയിൽ പ്രതീക്ഷിക്കുന്നത്. ഇതിൽ പകുതി തുക കേന്ദ്ര സർക്കാർ ഇന്ത്യൻ സെമികണ്ടക്റ്റർ മിഷൻറെ ഭാഗമായി സബ്സിഡിയായി കേന്ദ്ര സർക്കാർ നൽകും. എച്ച്സിഎല്ലും തായ്‌വാനിലെ ഫോക്സോണുമായുള്ള സെമികണ്ടക്റ്റർ



ചിപ്പുകളുടെ അസംബ്ലി!ങ്ങും ടെസ്റ്റിങ്ങിനുമുള്ള യൂണിറ്റിനും സർക്കാർ ഉടൻ അനുമതി നൽകിയേക്കും.

ആഭ്യന്തരമായി ചിപ്പുകൾ നിർമിക്കുന്നതിന് വൻകിട രാജ്യാന്തര കമ്പനികളുടെ ഉൾപ്പെടെ 2100 കോടി ഡോളറിൻറെ നിക്ഷേപമാണ് കേന്ദ്ര സർക്കാർ നിലവിൽ പരിഗണിക്കുന്നത്. അമെരിക്ക, ചൈന, ജപ്പാൻ എന്നീ വൻ ശക്തികളുമായി മത്സരിച്ച് ഈ വിപണിയിലെ വിഹിതം വർധിപ്പിക്കാനാണ് ഇന്ത്യ ലക്ഷ്യമിടുന്നത്. രാജ്യത്തെ മുൻനിര കോർപ്പറേറ്റ് ഗ്രൂപ്പായ ടാറ്റ സൺസ് 800 കോടി ഡോളർ നിക്ഷേപത്തിൽ പുതിയ ചിപ്പ് ഫാബ്രിക്കേഷൻ യൂണിറ്റ് ആരംഭിക്കും.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജന്മനാടായ ഗുജറാത്തിലാണ് രണ്ട് പദ്ധതികളും ആരംഭിക്കുന്നത്. 1000 കോടി രൂപയിലധികം നിക്ഷേപമുള്ള വൻകിട ചിപ്പ് നിർമാണ പദ്ധതികളിൽ 50% വരെ സഹായം കേന്ദ്ര സർക്കാർ ലഭ്യമാക്കും. ലോകത്തിലെ മുൻനിര ചിപ്പ്

നിർമാതാക്കളായ ഇൻറൽ ഉൾപ്പെടെയുള്ളവരെ ഇന്ത്യയിലേക്ക് ആകർഷിക്കാനാണ് കേന്ദ്ര സർക്കാർ ആലോചിക്കുന്നത്. ലോകത്തിലെ വൻകിട കമ്പനിയായ തായ്‌വാനിലെ പവർചിപ്പ് മാനുഫാക്ച്ചറിങ്ങുമായി ചേർന്ന് ചിപ്പ് നിർമാണ സംരംഭം ആരംഭിക്കാനാണ് ടാറ്റ ഗ്രൂപ്പ് തയാറെടുക്കുന്നത്. യുണൈറ്റഡ് മൈക്രോ ഇലക്ട്രോണിക്സുമായും സംയുക്ത സംരംഭത്തിന് ടാറ്റ ഗ്രൂപ്പിന് ആലോചനയുണ്ട്.






# രക്താർബുദത്തിനുള്ള കാർടി സെൽ തെറാപ്പിക്ക് തുടക്കമിട്ട് അമൃത ആശുപത്രി

**കൊച്ചി:** രക്താർബുദചികിത്സയിൽ വിപ്ളവകരമായ മാറ്റം സൃഷ്ടിക്കുന്ന കാർടി സെൽ (ചിമറിക് ആന്റിജൻ റിസെപ്റ്റർ) തെറാപ്പിക്ക് കേരളത്തിലാദ്യമായി തുടക്കം കുറിച്ച് കൊച്ചി അമൃത ആശുപത്രി. രക്തത്തിലെ ടി സെൽ കോശങ്ങളിൽ മാറ്റങ്ങൾ വരുത്തി അവയെ രക്താർബുദത്തിനെതിരെ പോരാടാൻ പ്രാപ്തമാക്കുന്ന നൂതന ചികിത്സാരീതിയാണിത്. ബി സെൽ ലുക്കീമിയ ലിംഫോമ, മൈലോമ കാൻസറുകൾ ബാധിച്ചവർക്കുള്ള ഫലപ്രദമായ ഒരു ചികിത്സാരീതിയാണിത്. നിലവിൽ മൂന്ന് രോഗികൾ കാർടി സെൽ തെറാപ്പിക്ക് വിധേയരായതായി അമൃത ആശുപത്രി അധികൃതർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. രോഗിയുടെ കോശങ്ങൾ ഉപയോഗിച്ചു തന്നെ കാൻസർ കോശങ്ങളെ നശിപ്പിക്കുന്ന ചികിത്സയാണിത്. രോഗിയുടെ കോശങ്ങളെ തന്നെ മരുന്നായി ഉപയോഗിക്കുകയാണ് ചെയ്യുന്നത്. രക്തത്തിൽ കാണുന്ന ലിംഫോസൈറ്റാണ് കാൻസറിനെ ഇല്ലാതാക്കാനായി ഉപയോഗിക്കുന്നത്. ടി എന്നും ബി എന്നുമുള്ള രണ്ട് തരം ലിംഫോസൈറ്റുകളാണ് നമ്മുടെ ശരീരത്തിലുള്ളത്. ഇതിൽ ടി സെല്ലുകൾക്കാണ് കാൻസർ കോശങ്ങളെ നശിപ്പിക്കാനുള്ള കഴിവുള്ളത്. ഇത്തരം ടി സെല്ലുകൾ കാൻസർ രോഗികളുടെ ശരീരത്തിൽ നിർജീവമായിരിക്കും. കാർ ടി സെൽ തെറാപ്പിയിൽ ഈ സെല്ലുകളെ ശരീരത്തിന് പുറത്തേക്കെടുക്കുകയാണ് ആദ്യം ചെയ്യുന്നത്. സാധാരണ രക്തമെടുക്കുന്ന പോലെയാണ് ഈ സെല്ലുകളെ ശേഖരിക്കുക.തുടർന്ന് രക്തത്തിൽ നിന്ന് ടി സെല്ലുകളെ വേർതിരിച്ചെടുക്കും. ഇങ്ങനെ വേർതിരിച്ചെടുക്കുന്ന ടി സെല്ലുകളെ പിന്നീട് പ്രത്യേക ലാബോറട്ടിയിലെത്തിച്ച് കാൻസറിനോട് പൊരുതാൻ പ്രാപ്തമാക്കുന്നു. വൈറൽ വെക്ടർ എന്ന ഘടകം ഉപയോഗിച്ച് സെല്ലുലാർ തെറാപ്പിയിലൂടെ പരിഷ്കരിച്ച് രൂപമാറ്റം വരുത്തുകയാണ് ചെയ്യുന്നത്. തുടർന്ന് ഇ സെല്ലുകളെ രോഗിയുടെ ശരീരത്തിലേക്ക് രക്തത്തിലൂടെ കടത്തിവിടുകയും ചെയ്യുന്നു.

നിലവിലുള്ള ചികിത്സാരീതികൾ പരാജയപ്പെട്ട് ക്യാൻസർ വീണ്ടും വന്ന രക്താർബുദ രോഗികൾക്കാണ് കാർടി സെൽ ചികിത്സ പ്രധാനമായും പ്രയോജനപ്പെടുക. മുമ്പ് ഈ ചികിത്സ വിദേശരാജ്യങ്ങളിൽ മാത്രമാണ് ലഭ്യമായിരുന്നത്. ഈ തെറാപ്പിക്ക് വിധേയരായ മൂന്ന് രോഗികളിൽ ചികിത്സയ്ക്ക് ശേഷം കാൻസർ കോശങ്ങളൊന്നും കണ്ടുപിടിച്ചിട്ടില്ലെന്നും തുടർന്നും ഇവർ നിരീക്ഷണത്തിലായിരിക്കുമെന്നും കൊച്ചി അമൃത ആശുപത്രിയിലെ ക്ലിനിക്കൽ ഹെമറ്റോളജി വിഭാഗം മേധാവിഡോ. നീരജ് സിദ്ധാർത്ഥൻ പറഞ്ഞു. ഈ മൂന്ന് പേരിൽ രണ്ട് പേർക്ക് ലുക്കീമിയ ആയിരുന്നു. അവരിൽ ഒരാൾക്ക് മുമ്പ് ബോൺമാരോ ട്രാൻസ്പ്ലാന്റ് ചെയ്തിരുന്നു. ഒരാൾക്ക് റിലാപ്സ്ഡ് ലിംഫോമയും. ആദ്യത്തെ രോഗിക്ക് ട്രാൻസ്പ്ലാന്റിന്ശേഷം വീണ്ടും കാൻസർ വന്നു. പാലിയേറ്റീവ് കെയർ അല്ലാതെ മറ്റൊരു മാർഗ്ഗമില്ലാതിരുന്ന അവർക്ക് കാർടിസെൽ തെറാപ്പി നൽകുകയും രോഗശാന്തി നേടുകയും ചെയ്തു. നമ്മുടെ രോഗപ്രതിരോധ സംവിധാനത്തിന്റെ ശക്തി ഉപയോഗിച്ച് കാൻസർ കോശങ്ങളെ കൃത്യമായി ലക്ഷ്യമിടാൻ കാർടി സെൽ തെറാപ്പി നമ്മെ പ്രാപ്തരാക്കുന്നു. മറ്റു ചികിത്സാരീതികൾ ഫലപ്രദമല്ലാത്ത രോഗികൾക്ക് പ്രതീക്ഷ നൽകുന്നതാണ് ഈ അതിനൂതന ചികിത്സാരീതി.

ചിലതരം രക്താർബുദങ്ങളിൽ നിന്ന് ദീർഘകാല മോചനം നൽകാനുള്ള കഴിവ് കാർടി സെൽ തെറാപ്പിക്കുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കാർടി സെൽ തെറാപ്പിയെ കേരളത്തിന് പരിചയപ്പെടുത്തുന്നതിലൂടെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലുമുള്ള രോഗികൾക്കും താങ്ങാനാവുന്ന നിരക്കിൽ അത്യാധുനിക ചികിത്സ സജ്ജമാക്കുന്നതിനുള്ള അമൃത ആശുപത്രിയുടെ ശ്രമങ്ങൾ തുടരുകയാണെന്ന് അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ പറഞ്ഞു. ക്ലിനിക്കൽ ഹെമറ്റോളജി വിഭാഗത്തിലെ ഡോ. മനോജ് ഉണ്ണി, ഡോ.നിഖിൽ ഹരിദാസ്, ഡോ.ജിരമ, ഡോ.മോനിഷ ഹരിമാധവൻ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# സ്തനാർബുദ സാധ്യതാ പരിശോധനാ പദ്ധതിക്കു തുടക്കമായി

**പനങ്ങാട് :** എറണാകുളം അങ്കമാലി അതിരൂപതാ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയ നടപ്പാക്കി വരുന്ന ആശാകിരണം കാൻസർ സുരക്ഷാ പദ്ധതിയുടെ ആഭിമുഖ്യത്തിൽ, വി ഗാർഡിന്റെ സഹകരണത്തോടെ, ആയിരം വനിതകൾക്ക് സൗജന്യ സ്തനാർബുദ സാധ്യതാ നിർണയ പരിശോധന സംഘടിപ്പിക്കുന്നു. ആശാദീപം എന്ന പേരിൽ കൊച്ചി ഡി ലാബ് സുമായി സഹകരിച്ച് നടപ്പാക്കുന്ന പരിശോധന ക്യാമ്പിന്റെ അതിരൂപതാ തല ഉദ്ഘാടനം പനങ്ങാട് ഭാരതറാണി പാരീഷ് ഹാളിൽ വികാരി ഫാ. ജയിംസ് തൊട്ടിയിലിന്റെ അധ്യക്ഷതയിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ ഹൈബി ഈഡൻ എം.പി. നിർവഹിച്ചു.വി ഗാർഡ് മാനവശേഷി വികസന വിഭാഗം മേധാവി രമ്യ ആൻ ജോസ് മുഖ്യാതിഥിയായിരുന്നു. സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ, കുമ്പളം ഗ്രാമ പഞ്ചായത്തംഗം പ്രദീപൻ, വി ഗാർഡ് സി.എസ് .ആർ. ചീഫ് ഓഫീസർ കെ. സനീഷ്, ഏഞ്ചൽ ടി റോസ്, സഹൃദയ അസി. ഡയറക്ടർ ഫാ. സിബിൻ മനയംപിള്ളി, പ്രോഗ്രാം ഓഫീസർ കെ.ഓ.മാത്യൂസ് എന്നിവർ സംസാരിച്ചു. ലിസി കാൻസർ സെന്ററിലെ റേഡിയേഷൻ കൺസൽട്ടൻറ് ഡോ.ശബ്ന അബ്ബാസ്, ഡി .ലാബ് സ് കോ ഓർഡിനേറ്റർ കൃപ എന്നിവർ ബോധവത്കരണ ക്ളാസുകൾ നയിച്ചു.




# പ്രീമിയം ഒടിടി കോംബോയുമായി കെസിസിഎൽ ഒടിടി പ്ലേ പ്രീമിയം

**കൊച്ചി:** എഐ പവർ സ്ട്രീമിംഗ് പ്ലാറ്റ്ഫോമായ ഒടിടി പ്ലേ പ്രീമിയം കേരളത്തിലെ ഏറ്റവും വലിയ മൾട്ടിപ്പിൾ സിസ്റ്റം ഓപ്പറേറ്ററും (എംഎസ്ഒ) ഇന്ത്യയിലെ ഏറ്റവും വലിയ കണക്ഷൻ ബേസ് ഉള്ള ഒരു മുൻനിര എംഎസ്ഒയുമായ കേരള കമ്മ്യൂണിക്കേറ്റേഴ്സ് കേബിൾ ലിമിറ്റഡുമായി പങ്കാളിത്തം പ്രഖ്യാപിച്ചു.

കൊച്ചിയിലെ റാഡിസൺ ബ്ലൂവിൽ നടന്ന ലോഞ്ചിംഗ് ചടങ്ങിൽ ഒടിടിപ്ലേയുടെ സിഇഒയും സഹസ്ഥാപകനുമായ അവിനാഷ് മുതലിയാർ, സിഒഎ പ്രസിഡന്റ് അബൂബെക്കർ സിദ്ദിഖ്, സിഒഎ ജനറൽ സെക്രട്ടറി കെ വി രാജൻ, കെ.സി.സി.എൽ, കെ.വി.ബി.എൽ ചെയർമാൻ ഗോവിന്ദൻ, കെ.സി.സി.എൽ, കെ.വി.ബി.എൽ എംഡി ശ്രീ സുരേഷ് കുമാർ, കെ.സി.സി.എൽ, കെ.വി.ബി.എൽ സിഒഒ എൻ പദ്മകുമാർ, ടിസിസിഎൽ ചെയർമാൻ ഷക്കീലൻ എന്നിവർ പങ്കെടുത്തു.616 രൂപയ്ക്ക് വിപണിയിലെ ഏറ്റവും ചെലവ് കുറഞ്ഞതും സമഗ്രവുമായ വിനോദ ഇന്റർനെറ്റ് പാക്കേജാണ് കമ്പനി ഓഫർ ചെയ്യുന്നത്. 50 എംബിപിഎസ് ഇന്റർനെറ്റ് കണക്ഷൻ, 4000 ജിബി ഡാറ്റാ പരിധി, 14 പ്രീമിയം ഒടിടി പ്ലാറ്റ്ഫോമുകൾ എന്നിവയാണ് പ്രാരംഭ ഓഫറിൽ ഉപഭോക്താക്കൾക്ക് ലഭ്യമാവുക. സൺ എൻഎക്സ്ടി, സോണി ലിവ്, സീ5, ലയൺസ്ഗേറ്റ് പ്ലേ, ഡിസ്ട്രോ ടിവി, നമ്മ ഫ്ലിക്സ്, ആൾട് ബാലാജി, പ്ലേ ഫ്ലിക്സ്, ഐസ്ട്രീം, ഫാൻകോഡ്, ഡോളിവുഡ് പ്ലേ, ഷോർട് ടിവി, രാജ് തുടങ്ങിയ ജനപ്രിയ പ്ലാറ്റ്ഫോമുകൾ ഉൾക്കൊള്ളുന്ന ഡിജിറ്റൽ ഉള്ളടക്കത്തിന്റെ സമൃദ്ധമായ നിരയും വരിക്കാർക്ക് ആസ്വദിക്കാനാകുമെന്ന് ഒടിടി പ്ലേ പ്രീമിയമിലെ ഞങ്ങളുടെ ദൗത്യം, അത്യാധുനിക സാങ്കേതികവിദ്യയിലൂടെയും വിപുലമായ ഒരു ഉള്ളടക്ക ലൈബ്രറിയിലൂടെയും ഞങ്ങളുടെ ഉപയോക്താക്കൾക്ക് സ്ട്രീമിംഗ് അനുഭവം വർദ്ധിപ്പിക്കുക എന്നതാണ്.

കെസിസിഎലുമായി സഹകരിക്കുന്നതെന്ന് ഒടിടിപ്ലേയുടെ സിഇഒയും സഹസ്ഥാപകനുമായ അവിനാഷ് മുതലിയാർ പറഞ്ഞു. ഒടിടി പ്ലേയുമായുള്ള ബന്ധം ഓപ്പറേറ്റർമാരുടെയും ഉപഭോക്താക്കളുടെയും ആവശ്യം നിറവേറ്റുന്നതിനുള്ള പൂർണ്ണമായ ഒന്നാണ് എന്ന് സിഒഎ പ്രസിഡന്റ് അബൂബെക്കർ സിദ്ദിഖ് പറഞ്ഞു. ഒടിടി പ്ലേയ്ക്കൊപ്പം ഒടിടി ബൻഡ്ലിങ് ഓഫർ സമാരംഭിക്കുന്നത് ഉപഭോക്തൃ അടിത്തറ നിലനിർത്തുന്നതിനുള്ള ഒരു പുതിയ കുതിപ്പായിരിക്കുമെന്നു സിഒഎ ജനറൽ സെക്രട്ടറി കെ വി രാജൻ അഭിപ്രായപ്പെട്ടു. ഇന്ത്യയിലെ എട്ടാമത്തെ വലിയ എഫ്ടിടിഎച് ബ്രോഡ്ബാൻഡ് ദാതാവായി ബ്രോഡ്ബാൻഡിലെ കെവിപിഎലിന്റെ വളർച്ചയുടെ കഥ, ഒടിടി ബൻഡ്ലിങ് ഉൾപ്പെടെയുള്ള സേവന ഓഫറുകളുടെ വൈവിധ്യവൽക്കരണത്തിലൂടെ കൂടുതൽ വളരുമെന്ന് കെ.സി.സി.എൽ, കെ.വി.ബി.എൽ ചെയർമാൻ ഗോവിന്ദൻ പറഞ്ഞു.

# സംസ്ഥാന ആർക്കിടെക്റ്റ് അവാർഡുദാനം കൊല്ലത്ത്

**കൊല്ലം :** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ട്സ് (ഐ ഐ എ) സംസ്ഥാന അവാർഡ് ദാന ചടങ്ങ് മാർച്ച് രണ്ട് മൂന്ന് തീയതികളിൽ കൊല്ലം ശ്രീ നാരായണ ഗുരു കൾച്ചറൽ കോംപ്ലക്സിൽ നടക്കും. കേരളത്തിലെ എണ്ണൂറിലേറെ ആർക്കിടെക്റ്റുമാർ പങ്കെടുക്കും. 16 വിഭാഗങ്ങളിലെ മികച്ച നിർമിതികൾക്കാണ് പുരസ്കാരം നൽകുക. എൻട്രികളിൽ നിന്ന് 9 അംഗ ജ്യൂറി വിജയികളെ തെരഞ്ഞെടുക്കും. കേരളത്തിന് പുറത്ത് നിന്നുള്ള പ്രമുഖ ആർക്കിടെക്റ്റുമാർ അടങ്ങുന്നതാണ് അവാർഡ് ജ്യൂറി. എൻട്രികൾ പരിശോധിച്ച് ചുരുക്കപ്പട്ടിക തയാറാക്കിയ ശേഷം ജ്യൂറി അംഗങ്ങൾ നേരിട്ട് നിർമിതികൾ വിലയിരുത്തും. മൂന്നാം ഘട്ടമായി നിർമിതികളുടെ പ്രസന്റേഷനും ഉണ്ടാകും. മാർച്ച് രണ്ട്, മൂന്ന് ദിവസങ്ങളിൽ നടക്കുന്ന പ്രോജക്ട് പ്രസന്റേഷന് ശേഷമാണ് വിജയികളെ പ്രഖ്യാപിക്കുക. രണ്ട് വേദികളിലായാണ് പ്രോജക്ട് പ്രസന്റേഷൻ നടക്കുക. ഇത്തവണ അവാർഡിനായി 352 എൻട്രികളാണ് ഉണ്ടായിരുന്നത്. മാർച്ച് മൂന്നിന് വൈകിട്ടാണ് അവാർഡ് പ്രഖ്യാപനവും വിതരണവും.ടൈം 100 നെക്സ്റ്റ് പട്ടികയിൽ ഇടംനേടിയ മലയാളി ആർക്കിടെക്ട് വിനു ഡാനിയേലിനെ ചടങ്ങിൽ ആദരിക്കും. കലാ സാംസ്കാരി പരിപാടികളും ഉണ്ടായിരിക്കും. എണ്ണൂറോളം ആർക്കിടെക്ടുമാർ പങ്കെടുക്കും. ഐഐഎ കൊല്ലം സെന്ററിന്റെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്.കഴിഞ്ഞ ഡിസംബർ 10 മുതൽ ഓൺലൈനായി എൻട്രികൾ സ്വീകരിച്ചിരുന്നു. ജനുവരി 20 ന് ചുരുക്കപ്പട്ടിക തയാറാക്കൽ ആരംഭിച്ചു. കേരളീയ വാസ്തുകല ആഗോളതലത്തിലേക്ക് ചിത്രീകരിക്കാൻ കഴിയുന്ന തരത്തിലാണ് അവാർഡ് ചടങ്ങ് സംഘടിപ്പിക്കുക.



## ജെ.എസ്.ഡബ്ല്യു വൺ ഹോംസ് പുതിയ സ്റ്റുഡിയോ കൊച്ചിയിൽ ആരംഭിച്ചു

**കൊച്ചി:** ജെ.എസ്.ഡബ്ല്യു വൺ ഹോംസ് തങ്ങളുടെ മുൻനിര ഹോം സ്റ്റുഡിയോകളിലൊന്ന് കൊച്ചിയിൽ ആരംഭിച്ചു. ദക്ഷിണേന്ത്യയിൽ ജെ.എസ്.ഡബ്ല്യു വൺ ഹോംസിൻറെ സാന്നിധ്യത്തിൽ മറ്റൊരു നാഴികക്കല്ല് കൂടി ഈ ലോഞ്ച് അടയാളപ്പെടുത്തുന്നു, ഇതിലൂടെ ഈ ശൃംഖലയിൽ മേഖലയിലുടനീളമുള്ള സ്റ്റുഡിയോകളുടെ എണ്ണം 10 ആയി ഉയർന്നിരിക്കുന്നു.

## സാംസങ്ങിന്റെ ഗാലക്സി ബുക്ക്4 ഇന്ത്യയിൽ വിൽപന ആരംഭിച്ചു

**കൊച്ചി:** സാംസങ്ങിന്റെ ഗാലക്സി ബുക്ക്4 പ്രോ 360, ഗാലക്സി ബുക്ക്4 പ്രോ, ഗാലക്സി ബുക്ക്4 360 എന്നിവയടങ്ങുന്ന ഗാലക്സി ബുക്ക്4 പേർസണൽ കമ്പ്യൂട്ടർ സീരീസ് ഇന്ത്യയിൽ വിൽപന ആരംഭിച്ചു. അത്യാധുനികമായ സംവിധാനങ്ങൾ ഉൾപ്പെടുത്തി രൂപകൽപ്പന ചെയ്തിരിക്കുന്നതാണ് ഗാലക്സി ബുക്ക്4 സീരീസ് എന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. പുതിയ ഇന്റൽ കോർ അൾട്രാ7/അൾട്രാ5 പ്രോസസ്സർ ആണ് ഗാലക്സി ബുക്ക്4 സീരിസിന് കരുത്തേകുന്നത്. കൂടുതൽ വേഗമാർന്ന സെൻട്രൽ പ്രോസസ്സിംഗ് യൂണിറ്റ് (ഇജഡ), മികച്ച പെർഫോമൻസ് ഉറപ്പു നൽകുന്ന ഗ്രാഫിക് പ്രോസസ്സിംഗ് യൂണിറ്റ് (ഏജഡ) പുതുതായി കൂട്ടിച്ചേർക്കപ്പെട്ട ന്യൂറൽ പ്രോസസ്സിംഗ് യൂണിറ്റ് (ചജഡ) എന്നിവയാണ് മറ്റു സവിശേഷതകളെന്നും കമ്പനി അധികൃതർ അവകാശപ്പെട്ടു.

## ജെ.ജി കെമിക്കൽസ് ഐപിഒ മാർച്ച് 5ന്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ സിങ്ക് ഓക്സൈഡ് നിർമാതാക്കളായ ജെ.ജി കെമിക്കൽസ് ലിമിറ്റഡിന്റെ പ്രഥമ ഓഹരി വിൽപ്പന (ഐപിഒ) മാർച്ച് അഞ്ചിന് ആരംഭിക്കും. 210221 രൂപയാണ് ഒരു ഇക്വിറ്റി ഓഹരിയുടെ വിലയായി നിശ്ചയിച്ചിരിക്കുന്നത്. 10 രൂപയാണ് മുഖവില. നിക്ഷേപകർക്ക് മാർച്ച് 7 വരെ ഓഹരികൾക്കായി അപേക്ഷിക്കാം. വാങ്ങാവുന്ന ഏറ്റവും കുറവ് ഓഹരികളുടെ എണ്ണം 67 ആണ്. പുതിയ ഓഹരികൾ വിറ്റഴിക്കുന്നതിലൂടെ 165 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്. കമ്പനി പ്രെമോട്ടർമാരുടെ കൈവശമുള്ള 39 ലക്ഷം ഓഹരികളും വിറ്റഴിക്കും. ഉൽപ്പാദനത്തിലും വരുമാനത്തിലും ഇന്ത്യയിലെ ഏറ്റവും വലിയ സിങ്ക് ഓക്സൈഡ് ഉൽപ്പാദകരായ ജെ.ജി കെമിക്കൽസിന് 30 ശതമാനത്തോളം വിപണി വിഹിതമുണ്ട്.

## നഗര, ഗ്രാമ മേഖലകളിൽ ചെറുകിട സംരംഭങ്ങൾക്കായുള്ള വായ്പ തുടരുന്നു

**കൊച്ചി:** ഇന്ത്യയിലെ വാണിജ്യ മേഖലയിലേക്കുള്ള വായ്പകളിൽ 11 ശതമാനം വാർഷിക വർധനവു രേഖപ്പെടുത്തിയതായി 2023 സെപ്റ്റംബറിൽ അവസാനിച്ച ത്രൈമാസത്തിലെ കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. 28.2 ലക്ഷം കോടി രൂപയുടെ വായ്പകളാണ് നൽകിയിട്ടുള്ളതെന്നും ഇക്കാലയളവിലേക്കുള്ള ട്രാൻസ് യൂണിയൻ സിബിലിൻറെ സിഡ്ബി എംഎസ്എംഇ പൾസ് റിപ്പോർട്ട് വ്യക്തമാക്കുന്നു. സാമ്പത്തിക പ്രവർത്തനങ്ങളിലുള്ള വളർച്ചയാണ് വാണിജ്യ വായ്പകൾക്കായുള്ള ആവശ്യത്തിലും വർധനവുണ്ടാക്കിയത്. 29 ശതമാനം വാർഷിക വളർച്ച ഈ മേഖലയിലുണ്ടായി. എമർജൻസി ക്രെഡിറ്റ് ലൈൻ ഗാരണ്ടി പദ്ധതി അവസാനിച്ചു എങ്കിലും ചെറുകിട മേഖലകളിലെ വായ്പകൾ വർധിച്ചതായി ഇതേക്കുറിച്ചു സംസാരിക്കവെ സിഡ്ബി ചെയർമാനും മാനേജിങ് ഡയറക്ടറുമായ ശിവസുബ്രഹ്മണ്യൻ രാമൻ പറഞ്ഞു. സാങ്കേതികവിദ്യാ രംഗത്തെ വളർച്ച ഈ രംഗത്തു സഹായകമായെന്നും അദ്ദേഹം പറഞ്ഞു.എല്ലാ മേഖലകളിലെ ചെറുകിടഇടത്തരം വായ്പകളും പ്രകടനം മെച്ചപ്പെടുത്തിയതായി ട്രാൻസ് യൂണിയൻ സിബിൽ മാനേജിങ് ഡയറക്ടറും സിഇഒയുമായ രാജേഷ് കുമാറും ചൂണ്ടിക്കാട്ടി. വായ്പാ ദാതാക്കൾക്ക് തങ്ങളുടെ ചെറുകിട മേഖലയ്ക്കായുള്ള വായ്പാ രംഗം വികസിപ്പിക്കാനുള്ള അവസരം കൂടിയാണിതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

# മുത്തൂറ്റ് മിനിയുടെ അറ്റാദായത്തിൽ 42.59 ശതമാനം വർധന

**കൊച്ചി:** ബാങ്കിതര ധനകാര്യ സ്ഥാപനമായ മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് നടപ്പു സാമ്പത്തിക വർഷം മൂന്നാം പാദത്തിലെ അറ്റാദായത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവിനെ അപേക്ഷിച്ച് 42.59 ശതമാനം വർധനവുമായി 67.28 കോടി രൂപയുടെ അറ്റാദായം നേടി.

കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവിനെ അപേക്ഷിച്ച് കമ്പനിയുടെ നികുതിക്ക് മുൻപുള്ള ലാഭം 62.18 ശതമാനം വർധനവുമായി 81.77 കോടി രൂപയിലെത്തി. വിപണിയിലെ സ്വർണ പണയ ആവശ്യകത വർധിച്ചതിൻറെ പ്രതിഫലനമാണ് ഈ വളർച്ച.കമ്പനിയുടെ ആകെ ആസ്തിയിൽ മുൻ വർഷത്തെ മൂന്നാം പാദത്തെ അപേക്ഷിച്ച് 14.89 ശതമാനം വർധനയാണ് രേഖപ്പെടുത്തിയത്. നടപ്പു സാമ്പത്തിക വർഷം മൂന്നാം പാദത്തിൽ 17.18 ശതമാനത്തിൻറെ വാർഷിക വരുമാന വളർച്ചയും കൈവരിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷത്തെ മൂന്നാം പാദത്തത്തിലെ 18.34 ശതമാനത്തിൽ നിന്നും പലിശ വരുമാനം 19.05 ശതമാനമായും ഉയർന്നു. 9.03 ശതമാനമാണ് അറ്റ പലിശ വരുമാനത്തിലെ വർധന.മികച്ച ഉപഭോക്തൃ സംതൃപ്തിയും പ്രവർത്തന മികവും നൂതന ആശയങ്ങളുമാണ് ഈ അസാധാരണ നേട്ടം കൈവരിക്കാൻ കമ്പനിയെ പ്രാപ്തമാക്കിയതെന്ന് മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് മാനേജിംഗ് ഡയറക്ടർ മാത്യൂ മുത്തൂറ്റ് പറഞ്ഞു.

ഉപഭോക്താക്കൾക്ക് സ്വർണ്ണ വായ്പ ലഭ്യമാക്കാനായി പുതിയ വിപണി കണ്ടെത്തിയതിൻറെ ഫലമാണ് ഈ വളർച്ച. പ്രധാന വിഭാഗങ്ങളിലെല്ലാം മികച്ച വളർച്ച നേടാനായിട്ടുണ്ട്. രാജ്യവ്യാപകമായി നെറ്റ്വർക്ക് വിപുലീകരിക്കാനും ഉപഭോക്തൃ സംതൃപ്തിയിലും നൂതന ഉത്പന്നങ്ങൾ അവതരിപ്പിക്കുന്നതിലും പ്രവർത്തന മികവിലുമാണ് തുടർന്നും കമ്പനി ശ്രദ്ധ ചെലുത്തുന്നത്.

ഈ സമീപനവും അടിസ്ഥാന മൂല്യങ്ങളോടുള്ള പ്രതിബദ്ധതയും തുടർച്ചയായ സുസ്ഥിര വളർച്ച നൽകുമെന്ന് ഉറപ്പുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.സാമ്പത്തിക മുൻകരുതലോടും ഉപഭോക്തൃ കേന്ദ്രീകൃത സമീപനങ്ങളോടുമുള്ള പ്രതിബദ്ധത ഉയർത്തിക്കാട്ടുന്ന നടപ്പു സാമ്പത്തിക വർഷത്തിലെ മൂന്നാം പാദത്തിലെ സാമ്പത്തിക ഫലങ്ങളിൽ തങ്ങൾ സന്തുഷ്ടരാണെന്ന് മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പി.ഇ. മത്തായി പറഞ്ഞു. സാമ്പത്തിക രംഗത്തെ വെല്ലുവിളികൾക്കിടയിലും വരുമാനം, കൈകാര്യ ചെയ്യുന്ന ആസ്തി, ലാഭം എന്നിവയിലെ സുസ്ഥിരമായ വളർച്ച തങ്ങളുടെ ബിസിനസ് മാതൃകയുടെ കരുത്ത് എടുത്തുകാണിക്കുന്നു. ഏറ്റവും മികച്ച സേവനത്തിലൂടെ ഉപഭോക്താക്കളുടെ സ്വപ്നങ്ങൾ നിറവേറ്റാനും സേവനങ്ങൾ തുടർച്ചയായി മെച്ചപ്പെടുത്താനും തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.നിലവിൽ രാജ്യത്ത് 903 ശാഖകളാണ് മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സിന് നിലവിലുള്ളത്. ഈ വർഷം അവസാനത്തോടെ ശാഖകളുടെ എണ്ണം ആയിരത്തിലധികമാക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.




# കിംസ്ഹെൽത്തിൽ നൂതന റോബോട്ടിക്ക് സർജറി സംവിധാനം

**തിരുവനന്തപുരം:** തിരുവനന്തപുരം കിംസ്ഹെൽത്തിൽ കാൽമുട്ട് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി അത്യാധുനിക റോബോട്ടിക് സർജറി യൂണിറ്റ് സജ്ജമായി. റോബോട്ടിക് സർജറി യൂണിറ്റിന്റേയും കിംസ്ഹെൽത്ത് സെന്റർ ഫോർ റോബോട്ടിക് ജോയിന്റ് റീപ്ലേസ്മെന്റിന്റേയും ഉദ്ഘാടനം ഡോ. ശശി തരൂർ എം.പി നിർവഹിച്ചു.

സർജിക്കൽ പ്രൊസീജിയറുകളിൽ സമാനതകളില്ലാത്ത കൃത്യതയും സുരക്ഷിതത്വവും കൊണ്ടുവരുന്ന റോബോട്ടിക് സർജറി സാങ്കേതികവിദ്യ ആരോഗ്യരംഗത്തെ ഒരു സുപ്രധാന നാഴികക്കല്ലാണെന്ന് ഡോ. ശശി തരൂർ എം.പി പറഞ്ഞു. ചികിത്സാരംഗത്ത് സാങ്കേതികവിദ്യയുടെ ഉപയോഗം ഏറ്റവും ആവശ്യവും സാധാരണക്കാർക്ക് ഉപയോഗിക്കാൻ പര്യാപ്തവുമായ ഘട്ടത്തിലാണ് കിംസ്ഹെൽത്ത് സെന്റർ ഫോർ റോബോട്ടിക് ജോയിന്റ് റീപ്ലേസ്മെന്റ് അവതരിപ്പിച്ചിരിക്കുന്നതെന്ന് കിംസ്ഹെൽത്ത് ചെയർമാൻ ആൻഡ് മാനേജിങ്ങ് ഡയറക്ടർ ഡോ. എം.ഐ സഹദുള്ള പറഞ്ഞു. അസ്ഥികളുടെ ഘടന ഓരോ വ്യക്തികളിലും വ്യത്യസ്തമായിരിക്കും. ഈ അതിനൂതന റോബോട്ടിക് സംവിധാനം ഡോക്ടർക്ക് ശസ്ത്രക്രിയയ്ക്ക് മുൻപ് രോഗിയുടെ അസ്ഥികളുടെ ത്രിമാന സിടി ഇമേജുകൾ വിശകലനം ചെയ്യാനും രോഗിയുടെ അവസ്ഥയ്ക്കനുസരിച്ച് ശസ്ത്രക്രിയ കൂടുതൽ കൃത്യതയോടെ ആസൂത്രണം ചെയ്യാനും സഹായിക്കുന്നു.

കൂടാതെ പരമ്പരാഗത ശസ്ത്രക്രിയയെക്കാൾ താരതമ്യേനെ കുറച്ച് ഉപകരണങ്ങൾ മാത്രം ഉപയോഗിക്കുന്നതിനാൽ റോബോട്ടിക് സർജറിയിൽ അണുബാധയ്ക്കുള്ള സാധ്യതയും വളരെ കുറവാണ്.പൂർണ്ണമായും റോബോട്ടിക് അധിഷ്ഠിതമായ ഈ സാങ്കേതിക വിദ്യയുടെ സഹായത്തോടെ രോഗിയെ വേഗത്തിൽ തന്നെ സാധാരണ ജീവിതത്തിലേക്കു കൊണ്ടുവരാൻ സാധിക്കുമെന്ന് ഓർത്തോപീഡിക്സ് ആൻഡ് ട്രോമാ വിഭാഗം സീനിയർ കൺസൽട്ടന്റും ഗ്രൂപ്പ് കോർഡിനേറ്ററുമായ ഡോ. മുഹമ്മദ് നസീർ പറഞ്ഞു. ശസ്ത്രക്രിയയ്ക്കിടെ രോഗികൾക്ക് വേണ്ട സകല പരിരക്ഷയും ഉറപ്പാക്കാൻ റോബോട്ടിക്ക്സിൽ വൈദഗ്ധ്യമുള്ള മെഡിക്കൽ സംഘമാണ് കിംസ്ഹെൽത്തിലുള്ളത്. ഇതിനോടകം എട്ട് ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തീകരിക്കാൻ സാധിച്ചെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ചടങ്ങിൽ കിംസ്ഹെൽത്ത് വൈസ് ചെയർമാൻ ഡോ. ജി. വിജയരാഘവൻ, ട്രിവാൻഡ്രം ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡന്റ് എസ്.എൻ രഖുചന്ദ്രൻ നായർ എന്നിവർ ആശംസകളർപ്പിച്ചു. ഡോ. മുഹമ്മദ് നസീർ സ്വാഗതവും കിംസ്ഹെൽത്ത് എക്സിക്യൂട്ടിവ് ഡയറക്ടർ ഇ.എം നജീബ് നന്ദിയും അറിയിച്ചു.

# കോഴിക്കോട്ടെ പഴയ വ്യവസായശാലകൾ ഐടി സ്പേസുകളാക്കണം: മന്ത്രി

**കോഴിക്കോട്:** കോഴിക്കോട് സൈബർപാർക്കിലെ ഐടി സ്പേസ് മുഴുവൻ തീർന്ന സാഹചര്യത്തിൽ നഗരത്തിലെ പഴയ വ്യവസായശാലകൾ ഐടിയ്ക്കായി ഉപയോഗപ്പെടുത്തണമെന്ന് ടൂറിസംപൊതുമരാമത്ത് മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. കേരള ടെക്നോളജി എക്സ്പോയുടെ ഉദ്ഘാടനം കാലിക്കറ്റ് ട്രേഡ് സെൻററിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.വലിയ വ്യവസായശാലകളുടെ കേന്ദ്രമായിരുന്നു കോഴിക്കോട്. എന്നാൽ ഇന്ന് പലതും പ്രവർത്തനരഹിതമായി കിടക്കുകയാണ്. ഇത്തരം സ്ഥലങ്ങൾ കൂടുതലും നദീതീരത്താണ് സ്ഥിതി ചെയ്യുന്നത്. ഈ ഇടങ്ങൾ ഐടി ഓഫീസുകൾക്കുള്ള സ്ഥലമായി മാറ്റിയാൽ മനോഹരമായ തൊഴിലിടങ്ങളായി മാറുമെന്നും മുഹമ്മദ് റിയാസ് പറഞ്ഞു.കൊവിഡ് കാലത്ത് ഐടി ഹബ്ബായ ബംഗളുരുവിൽ നിന്ന് വയനാട്ടിലേക്ക് ഐടി ജീവനക്കാരെ എത്തിക്കാൻ സർക്കാരിന് കഴിഞ്ഞിരുന്നുവെന്ന് മന്ത്രി ഓർമ്മിച്ചു. ഇതുവഴി ആഭ്യന്തര ടൂറിസത്തിനും വലിയ ഉണർവുണ്ടാവുകയും 2023 ൽ ഏറ്റവും മികച്ച പ്രകടനം കേരള ടൂറിസം നടത്തുകയും ചെയ്തു. നൂതനത്വത്തിൻറെ കേന്ദ്രമായി കോഴിക്കോടിനെ ലോകത്തിനു മുന്നിൽ അവതരിപ്പിക്കാൻ കെടിഎക്സ് 2024 ന് സാധിക്കുമെന്നും മുഹമ്മദ് റിയാസ് ചൂണ്ടിക്കാട്ടി.

കോഴിക്കോട് സൈബർ പാർക്ക് അടക്കം ഒമ്പത് പ്രമുഖ അക്കാദമിക്വ്യവസായ സ്ഥാപനങ്ങൾ ചേർന്ന് രൂപീകരിച്ച സിഐടിഐ 2.0 (കാലിക്കറ്റ് ഇനൊവേഷൻ & ടെക്നോളജി ഇനിഷ്യേറ്റീവ്)യുടെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. ആറായിരത്തിലധികം പ്രതിനിധികൾ, 200 ലേറെ പ്രദർശന സ്റ്റാളുകൾ, രാജ്യാന്തര പ്രശസ്തിയാർജ്ജിച്ച 100 ലേറെ പ്രഭാഷകർ തുടങ്ങിയവർ മൂന്ന് ദിവസം നീണ്ടു നിൽക്കു ഉച്ചകോടിയിൽ പങ്കെടുക്കും.

മലബാർ മേഖലയുടെ ഐടി വ്യവസായ വികസനത്തിനുള്ള ഉറച്ച കാൽവയ്പായ സിഐടിഐ 2.0 യുടെ ഉദ്യമത്തിന് സർക്കാരിൻറെ എല്ലാ പിന്തുണയുമുണ്ടാകുമെന്ന് മന്ത്രി ഉറപ്പു നൽകി. ലോകത്തിലെ തന്നെ ഏറ്റവും മികച്ച യുവജനതയാണ് നമ്മുടേത്. ലോകത്തിലെ സാങ്കേതികവിദ്യാ വ്യവസായങ്ങൾക്കുള്ള മനുഷ്യവിഭവ ശേഷിയിലും നമുക്ക് ഏറെ സംഭാവനകൾ നൽകാനാകുമെന്ന് മുഹമ്മദ് റിയാസ് പറഞ്ഞു.കോഴിക്കോട് സൈബർപാർക്കിനു സമീപത്തുകൂടി കടന്നുപോകുന്ന ആറുവരി ദേശീയപാതയുടെ നിർമ്മാണം പൂർത്തിയാകുമ്പോൾ ഈ മേഖലയുടെ സമഗ്ര വികസനം സാധ്യമാകുമെന്നും മുഹമ്മദ് റിയാസ് പറഞ്ഞു.മികച്ച ധനശേഷിയുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഐടി വ്യവസായത്തിൻറെ സുസ്ഥിര വളർച്ചയിൽ പ്രധാനപങ്ക് വഹിക്കാനാകുമെന്ന് ചടങ്ങിൽ സംസാരിച്ച കോഴിക്കോട് സൈബർപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ ചൂണ്ടിക്കാട്ടി.മലബാർ ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡൻറ് എം എ മെഹ്ബൂബ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ഐഐഎം കോഴിക്കോട് ഡയറക്ടർ പ്രൊഫ. ദേബാശിഷ് ചാറ്റർജി, ടാറ്റ എൽക്സി എംഡിയും സിഇഒയുമായ മനോജ് രാഘവൻ, തോംസൺ ഭാരത് എൽഎൽപിയുടെ നാഷണൽ ലീഡ് ഫോർ ഗവൺമെൻറ് രാമേന്ദ്രവർമ്മ, കെഎസ്ഐടിഐഎൽ എംഡി ഡോ. സന്തോഷ് ബാബു, ഗ്രാൻ തോൺടൺ മേധാവി പ്രസാദ് ഉണ്ണികൃഷ്ണന്, സിഐടിഐ 2.0 ചെയർമാൻ അജയൻ കെ അനാട്ട് ജന. സെക്രട്ടറി അനിൽ ബാലൻ തുടങ്ങിയവർ സംസാരിച്ചു.



# എച്ച്പി പുതിയ ഓഫീസ് ജെറ്റ് പ്രോ പ്രിന്ററുകൾ പുറത്തിറക്കി

**കൊച്ചി:** ചെറുകിട ഇടത്തരം സംരംഭകർക്കായി ഓഫീസ്ജെറ്റ് പ്രോ പ്രിന്ററുകളുടെ പുതിയ ശ്രേണി എച്ച്പി അവതരിപ്പിച്ചു. എച്ച്പി ഓഫീസ്ജെറ്റ് പ്രോ 9720, 9730 വൈഡ് ഫോർമാറ്റ് ബിസിനസ് ഇങ്ക്ജെറ്റ് പ്രിന്ററുകൾ പി3 കളർ പിന്തുണയുള്ളതാണ്. വ്യത്യസ്ത തൊഴിൽ സാഹചര്യങ്ങളിൽ ഉടനീളം ഉയർന്ന നിലവാരമുള്ള പ്രിന്റിംഗ് വാഗ്ദാനം ചെയ്യുന്ന പ്രിന്ററുകൾ ബിസിനസുകൾക്ക് അനുയോജ്യമായതാണ്. വലിയ ടച്ച് സ്ക്രീനുകളും ആധുനിക ഇന്റർഫേസുമാണ് പുതിയ സീരീസ് മുൻഗണന നൽകുന്നത്. എച്ച്പി 938/925 ഒറിജിനൽ ഇങ്ക് കാട്രിഡ്ജും പ്രിന്ററിനൊപ്പം അവതരിപ്പിച്ചു. എച്ച്പി ഓഫീസ്ജെറ്റ് പ്രോ 9720 തിന് 25,385 രൂപയും 9730 വൈഡ് ഫോർമാറ്റ് ഓൾഇൻവൺ സീരീസിന് 38,125 രൂപയുമാണ് വില.'വർധിക്കുന്ന ഡിജിറ്റലൈസേഷനും മിശ്രിത തൊഴിലാളികളും മൂലം  ഇന്ത്യയിലെ എസ്എംബി പരിപ്രേക്ഷ്യം അതിവേഗം വികസിച്ചുകൊണ്ടിരിക്കുകയാണെന്നും ഏത് തൊഴിൽ അന്തരീക്ഷത്തിലും ഉൽപ്പാദനക്ഷമതയും വളർച്ചയും പ്രോത്സാഹിപ്പിക്കുന്നതാണ് ഈ സീരീസെന്നും എച്ച്പി ഇന്ത്യ പ്രിന്റിംഗ് സിസ്റ്റംസ് സീനിയർ ഡയറക്ടർ സുനീഷ് രാഘവൻ പറഞ്ഞു.

# ചാലക്കുടിയിൽ മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സജ്ജമായി

**ചാലക്കുടി:** ഇന്ത്യയിൽ ആദ്യമായി മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ചാലക്കുടി നഗരസഭയിൽ പ്രവർത്തനക്ഷമമാവുന്നു. വീടുകളിൽ നേരിടട്ടെത്തി, ആധുനിക സംവിധാനങ്ങളോടെ ടോയ്ലറ്റ് മാലിന്യങ്ങൾ ട്രീറ്റ്മെന്റ് ചെയ്യുന്ന എസ്ടിപി പദ്ധതിയുടെ ഉദ്ഘാടനം മാർച്ച് 2 ന് വൈകീട്ട് 3 ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് നിർവ്വഹിക്കും. ചടങ്ങിൽ നഗരസഭ ചെയർമാൻ എബി ജോർജ്ജ് അധ്യക്ഷത വഹിക്കും. ബെന്നി ബെഹനാൻ എം.പി, സനീഷ്കുമാർ ജോസഫ് എംഎൽഎ, മറ്റ് ജനപ്രതിനിധികൾ, വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

2023  24 വാർഷിക പദ്ധതിയിൽ 50 ലക്ഷം രൂപ വകയിരുത്തിയാണ് മാലിന്യ സംസ്കരണ സംവിധാനത്തിന് നാഴികകല്ലായ ഈ ബൃഹത് പദ്ധതി നഗരസഭ നടപ്പിലാക്കുന്നത്. വാഹനത്തിൽ തയ്യാറാക്കിയ ആധുനിക യന്ത്രസാമഗ്രികൾ ഉൾപ്പെടുന്ന പ്ലാന്റ് വീടുകളിലും സ്ഥാപനങ്ങളിലും നേരിട്ടെത്തി, സെപ്റ്റിക് ടാങ്ക് ക്ലീൻ ചെയ്യുന്ന സംവിധാനമാണിത്. ഒരു ട്രക്കിന്റെ പ്ലാറ്റ്ഫോമിൽ സ്ഥാപിച്ചിരിക്കുന്ന പ്ലാന്റ്, സെപ്റ്റിക് ടാങ്കുകളിലെ ഉള്ളടക്കങ്ങൾ പൂർണ്ണമായും കൈകാര്യം ചെയ്യാൻ കഴിയുംവിധമാണ് പ്രവർത്തിക്കുക.

എം.ടി.യു സംസ്കരിച്ചതിന് ശേഷമുള്ള വെള്ളം മലിനീകരണം ഇല്ലാത്തതും, കൃഷിക്കും മറ്റും ഉപയോഗിക്കാനും സാധിക്കും. അപകടകാരികളായ അണുക്കളോ മറ്റ് മാലിന്യങ്ങളോ മണമോ സംസ്കരിച്ച ജലത്തിൽ ഉണ്ടാവില്ല. സംസ്കരണത്തിന് ശേഷം ബാക്കി വരുന്ന ഖരമാലിന്യം യന്ത്ര സംവിധാനത്തിൽ തന്നെ ഉണക്കി ചെറിയ ബ്രിക്കറ്റുകളാക്കി മാറ്റും.കേന്ദ്ര സർക്കാരിന്റെ അംഗീകൃത സ്ഥാപനമായ ഡിണ്ടിഗലിലെ ഡബ്യു എ എസ് എച്ച് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യ ഉപയോഗിച്ച്, തിരുവനന്തപുരത്തെ ഭൗമ എൻവിരോടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് ഇതിന്റെ നിർമ്മാണം നടത്തിയിരിക്കുന്നത്. സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനാണ് നഗരസഭക്ക് വേണ്ടി ഇതിന്റെ നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുക. തുടർപ്രവർത്തനവും പരിപാലനവും ഇവരെ തന്നെയാണ് നഗരസഭ ഏൽപ്പിച്ചിരിക്കുന്നത്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സംസ്കരണ മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കുന്ന സംവിധാനം കൂടിയാണിത്. ട്രീറ്റ്മെന്റ് യൂണിറ്റിന്റെ ശേഷി മണിക്കൂറിൽ 6000 ലിറ്ററാണ്. മുൻകൂർ ബുക്കിംഗ് അനുസരിച്ച് വിവിധ സ്ഥലങ്ങളിൽ പ്ലാന്റ് പ്രവർത്തിക്കും. യൂസർ ഫീ കൗൺസിൽ തീരുമാനം അനുസരിച്ച് ഈടാക്കും.






# അങ്കണവാടിക്കു നിറങ്ങളാൽ അഴക് ചാർത്തി ഗ്ലോബൽ പബ്ലിക് സ്കൂൾ വിദ്യാർഥികൾ

**കൊച്ചി/ തിരുവാണിയൂർ:** അങ്കണവാടിയുടെ മതിലുകളിൽ വർണച്ചിത്രങ്ങളൊരുക്കി ഗ്ലോബൽ പബ്ലിക് സ്കൂൾ വിദ്യാർഥികൾ. മുളന്തുരുത്തി പതിമൂന്നാം ഡിവിഷനിലെ മൂന്നു പതിറ്റാണ്ടിലേറെ പഴക്കമുള്ള പെരുമ്പിള്ളി കോളനി അങ്കണവാടി കെട്ടിടത്തിന്റെ അകവും പുറവുമാണ് ചായക്കൂട്ടിൽ പൂക്കളും ആനയും കാർട്ടൂൺ കഥാപാത്രങ്ങളും മറ്റു ദൃശ്യങ്ങളുമൊക്കെ  ആവിഷ്കരിച്ചു മനോഹരമാക്കിയത്.ഗ്ലോബൽ പബ്ലിക് സ്കൂളിലെ കിഡ്സ് ഫോർ കൊച്ചി കൂട്ടായ്മയിലുൾപ്പെട്ട ഒൻപതാം ക്ലാസിലെ  പതിനൊന്ന് കുട്ടികൾ ഒരു ദിവസം മുഴുവൻ നീണ്ട ചിത്രരചനയിൽ പങ്കെടുത്തു.  അങ്കണവാടി കുട്ടികൾക്ക് മാത്രമല്ല, മുതിർന്നവർക്കും സന്തോഷം പകരുന്നതാണ് മനോഹര വർണ്ണങ്ങളിൽ തീർത്ത ദൃശ്യവിരുന്ന്.ചിത്രരചന ഗ്രാമ പഞ്ചായത്ത് വാർഡ് അംഗം ജോയൽ ഉദ്ഘാടനം ചെയ്തു. വർണ ചിത്രങ്ങളൊരുക്കാൻ സഹായവുമായി അങ്കണവാടി അധ്യാപിക അമ്പിളി കുട്ടികൾക്കൊപ്പം ചേർന്നു.

# തങ്കമണി വീഡിയോ ഗാനം

ദിലീപിനെ കേന്ദ്ര കഥാപാത്രമാക്കി രതീഷ് രഘുനന്ദൻ സംവിധാനം ചെയ്യുന്ന 'തങ്കമണി ' എന്ന ഇമോഷണൽ ഫാമിലി ഡ്രാമ ചിത്രത്തിലെ ഒഫീഷ്യൽ വീഡിയോ ഗാനം റീലീസായി.ബി ടി അനിൽകുമാർ എഴുതിയ വരികൾക്ക് വില്യം ഫ്രാൻസിസ് സംഗീതം പകർന്ന് വി ദേവാനന്ദ്,മൃദുല വാര്യർ എന്നിവർ ആലപിച്ച ' കാതിലീറൻ പാട്ടു മൂളും ' എന്നാരംഭിക്കുന്ന ഗാനമാണ് റിലീസായത്മാർച്ച് ഏഴിന് ഡ്രീംസ് ബിഗ് ഫിലിംസ് 'തങ്കമണി'തിയ്യേറ്ററികളിലെത്തിക്കുന്നു.സൂപ്പർ ഗുഡ് ഫിലിംസിന്റെ ബാനറിൽ ആർ ബി ചൗധരി, ഇഫാർ മീഡിയയുടെ ബാനറിൽ റാഫി മതിര എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിൽ നീത പിള്ള, പ്രണിത സുഭാഷ് എന്നിവരാണ് നായികമാർ.അജ്മൽ അമീർ, സുദേവ് നായർ,സിദ്ദിഖ്, മനോജ് കെ ജയൻ, കോട്ടയം രമേഷ്, മേജർ രവി,സന്തോഷ് കീഴാറ്റൂർ,അസീസ് നെടുമങ്ങാട്,തൊമ്മൻ മാങ്കുവ,ജിബിൻ ജി, അരുൺ ശങ്കരൻ, മാളവിക മേനോൻ, രമ്യ പണിക്കർ, ശിവകാമി, അംബിക മോഹൻ,സ്മിനു,തമിഴ് താരങ്ങളായ ജോൺ വിജയ്,സമ്പത്ത് റാം എന്നിവർക്ക് പുറമേ അൻപതിലധികം ക്യാരക്ടർ ആർട്ടിസ്റ്റുകളും ചിത്രത്തിൽ അഭിനയിക്കുന്നു.




കേരള മനസാക്ഷി നടുക്കിയ ഇടുക്കി തങ്കമണി സംഭവത്തിന്റ ഛായാഗ്രഹണം മനോജ് പിള്ള,എഡിറ്റർശ്യാം ശശിധരൻ,ഗാനരചനബി ടി അനിൽ കുമാർ,സംഗീതംവില്യം ഫ്രാൻസിസ്,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർസുജിത് ജെ നായർ,പ്രൊജക്ട് ഡിസൈനർ സജിത് കൃഷ്ണ,പ്രൊഡക്ഷൻ കൺട്രോളർമോഹൻ 'അമൃത',സൗണ്ട് ഡിസൈനർ ഗണേഷ് മാരാർ,മിക്സിംഗ് ശ്രീജേഷ് നായർ,കലാസംവിധാനംമനു ജഗദ്,മേക്കപ്പ്റോഷൻ,കോസ്റ്റ്യൂം ഡിസൈനർ അരുൺ മനോഹർ,സ്റ്റണ്ട്രാജശേഖർ,സ്റ്റൺ ശിവ,സുപ്രീം സുന്ദർ,മാഫിയ ശശി,പ്രോജക്ട് ഹെഡ് സുമിത്ത് ബി പിചീഫ് അസോസിയേറ്റ് ഡയറക്ടർമനേഷ് ബാലകൃഷ്ണൻ,വിഎഫ്എക്സ്എഗ്ഗ് വൈറ്റ്,സ്റ്റിൽസ് ശാലു പേയാട്,ഡിസൈൻ അഡ്സോഫ്ആഡ്സ്,പി ആർ ഒഎ എസ് ദിനേശ്.




# ഓഫ് റോഡ്

അപ്പാനി ശരത്, ജോസുകുട്ടി ജേക്കബ്, രോഹിത് മേനോൻ,നിൽജ കെ ബേബി, ഹിമാ ശങ്കരി എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കിനവാഗതനായ ഷാജി സ്റ്റീഫൻ രചനയും സംവിധാനവും നിർവഹിക്കുന്ന ' ഓഫ് റോഡ് ' എന്ന ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്റർ റിലീസായി.

ഹരികൃഷ്ണൻ,സഞ്ജു മധു,അരുൺ പുനലൂർ,ഉണ്ണി രാജാ, രാജ് ജോസഫ്, ടോം സ്കോട്ട്, തുടങ്ങിയ യുവതാരങ്ങളോടൊപ്പം ലാൽ ജോസ്, അജിത് കോശി,നിയാസ് ബക്കർ,ഗണേഷ് രംഗൻ,അല എസ് നയന തുടങ്ങിയവരും പ്രധാന വേഷത്തിൽ അഭിനയിക്കുന്ന ഈ ചിത്രത്തിൽ ഒട്ടേറേ പുതുമുഖങ്ങളും വേഷമിടുന്നു.റീൽസ് ആൻഡ് ഫ്രെയിംസിന് വേണ്ടി ബെൻസ് രാജ്, കരിമ്പുംകാലായിൽ തോമസ്,സിജു പത്മനാഭൻ,മായ എം ടി എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായഗ്രഹണം പി കാർത്തിക് നിർവ്വഹിക്കുന്നു.ഷാജി സ്റ്റീഫൻ,കരിമ്പുംകാലയിൽ തോമസ്,സിജു കണ്ടന്തള്ളി,

ബെന്നി ജോസഫ് ഇടമന എന്നിവരുടെ വരികൾക്ക് സുഭാഷ് മോഹൻരാജ് സംഗീതം പകരുന്നു.ബിജു നാരായണൻ ,ജാസി ഗിഫ്റ്റ്,നജീം അർഷാദ്,അപ്പാനി ശരത്,കലേഷ് കരുണാകരൻ തുടങ്ങിയവരാണ് ഗായകർ.എഡിറ്റിംഗ്,ജോൺ കുട്ടി.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർസജയ് എടമറ്റം,ബെന്നി ജോസഫ് ഇടമന, ഡോക്ടർ ഷിബി,പ്രൊഡക്ഷൻ കൺട്രോളർമുകേഷ് തൃപ്പൂണിത്തുറ,കലഷൈജു,മേക്കപ്പ്ഷനീജ് ശില്പം,കോസ്റ്റ്യൂസ്രമേശ് കണ്ണൂർ,കോ ഡയറക്ടർ ആസാദ് അലവിൽ,പശ്ചാത്തല സംഗീതം ശ്രീരാഗ് സുരേഷ്,കളറിസ്റ്റ്വിവേക് നായർ ഓഡിയോഗ്രാഫിജിജു ടി ബ്രൂസ്,സ്റ്റുഡിയോചലച്ചിത്രം,ഗ്രാഫിക്സ് ലൈവ് ആക്ഷൻ,ലൊക്കേഷൻ മാനേജർ ജയൻ കോട്ടക്കൽ.ആക്ഷൻഅഷ്റഫ് ഗുരുക്കൾ നൃത്തംജോബിൻ മാസ്റ്റർ,സ്റ്റിൽസ്വിഗ്നേഷ്,പോസ്റ്റർ ഡിസൈൻ സനൂപ്.

കൂട്ടത്തിലൊരുവന്റെ ജീവിതത്തെ തകർത്ത ഒരു അനിഷ്ട സംഭവം. അതിന്റെ പിറകിലെ യാഥാർത്ഥ്യം കണ്ടെത്താൻ ഇറങ്ങിത്തിരിച്ച ഏതാനും സുഹൃത്തുക്കൾ.അവരിലൂടെ ചുരുളഴിയുന്ന സത്യങ്ങൾ ദൃശ്യവൽക്കരിക്കുന്ന ചിത്രമാണ്'ഓഫ് റോഡ് '.പി.ആർ.ഒ എ.എസ്. ദിനേശ്.

# ഒരുപ്പോക്കൻ




ഇന്ദ്രൻസ്,ജാഫർ ഇടുക്കി,ജോണി ആന്റണി,ഡയാന ഹമീദ്,ബേബി കാശ്മീര എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ഹരിനാരായണൻ കെ എം സംവിധാനം ചെയ്യുന്ന 'ഒരുപ്പോക്കൻ ' എന്ന ചിത്രത്തിന്റെ ചിത്രീകരണം കോട്ടയം പുതുപ്പള്ളി ദർശന സിഎംഐ ഇന്റർനാഷനൽ സ്കൂളിൽ ആരംഭിച്ചു.

സുധീഷ്,ഐ എം വിജയൻ,അരുൺ നാരായണൻ,സുനിൽ സുഖദ,സിനോജ് വർഗ്ഗീസ്,കലാഭവൻ ജിന്റോ,ശിവദാസ് കണ്ണൂർ,ഗൗതം ഹരിനാരായണൻ, സുരേന്ദ്രൻ കാളിയത്ത്,സൗമ്യ മാവേലിക്കര,അപർണ്ണ ശിവദാസ് തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.ദക്ഷിണ കാശി പ്രൊഡക്ഷന്റെ ബാനറിൽ സുധീഷ് മോൻ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സെൽവ കുമാർ എസ് നിർവ്വഹിക്കുന്നു.സുവർദ്ധൻ, അനൂപ് തൊഴുക്കര എന്നിവർ എഴുതിയ വരികൾക്ക് ഉണ്ണി നമ്പ്യാർ സംഗീതം പകരുന്നു.ഗായകർവിജയ് യേശുദാസ്, സിത്താര കൃഷ്ണകുമാർ എന്നിവരാണ് ഗായകർ.ഗോപിനാഥൻ പാഞ്ഞാൾ,സുജീഷ് മോൻ ഇ എസ് എന്നിവർ ചേർന്ന് കഥ തിരക്കഥ സംഭാഷണമെഴുതുന്നു.എഡിറ്റർഅച്ചു വിജയൻ.പ്രൊജക്റ്റ് ഡിസൈനർസുധീർ കുമാർ,പ്രൊഡക്ഷൻ കൺട്രോളർമുകേഷ് തൃപ്പൂണിത്തുറ,കലജീമോൻ എൻ എം, മേക്കപ്പ്സുധീഷ് വണ്ണപ്പുറം,കോസ്റ്റ്യൂംസ്അക്ഷയ പ്രേംനാഥ്,സ്റ്റിൽസ് എബിൻ സെൽവ,ചീഫ് അസോസിയേറ്റ് ഡയറക്ടർരാഹുൽ കൃഷ്ണ, അസോസിയേറ്റ് ഡയറക്ടർഗൗതം ഹരിനാരായണൻ,എ ജി അജിത്കുമാർ, നൃത്തം ശ്രീജിത്ത് പി ഡാസ്ലേഴ്സ്,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്സന്തോഷ് ചങ്ങനാശ്ശേരി,ലോക്കേഷൻ മാനേജർനിധീഷ്,പി ആർ ഒഎ എസ് ദിനേശ്.

# ആനന്ദപുരം ഡയറീസ്

മെയ് ഒന്നിന് റിലീസ് ചെയ്യുന്ന ആനന്ദപുരം ഡയറീസ് എന്ന സിനിമയിലെ കോളേജ് ക്യാമ്പസ് ഗാനം പഞ്ചമി രാവിൽ പൂന്തിങ്കൾ.... എന്നാരംഭിക്കുന്ന ഗാനം റിലീസായി. റിലീസ് ചെയ്തു. കോളേജ് ക്യാമ്പസിലെ വർണ്ണവൈവിധ്യമാർന്ന ജീവിതവും സൗഹൃദവും പ്രണയവും എല്ലാം ഉൾക്കൊള്ളുന്ന ഗൃഹാതുരത്വം ഉണർത്തുന്ന 'പഞ്ചമി രാവിൻ പൂന്തിങ്കൾ' എന്ന ഗാനംസുജാത, സൂരജ് സന്തോഷ് എന്നിവർ ചേർന്ന് ആലപിക്കുന്നു. ഈ ഗാനത്തിൽ കോളേജ് വിദ്യാർത്ഥികൾ ആയി മീനയും റോഷൻ റഹൂഫും പ്രത്യക്ഷപ്പെടുന്നു. ഷാൻ റഹ്മാൻ സംഗീതവും മനു മഞ്ജിത്ത് വരികളും എഴുതിയ ഈ ഗാനത്തിന് മനോഹരമായി കോറിയോഗ്രാഫി നിർവഹിച്ചിട്ടുള്ളത് പ്രശസ്ത തമിഴ് കൊറിയോഗ്രാഫർ ബാബ ഭാസ്കർ ആണ്.

റിലീസ് ചെയ്ത ഈ ചിത്രത്തിലെ അഞ്ച് ഗാനങ്ങളും ഹിറ്റ് ആയി. കെ എസ് ചിത്ര പാടിയ ആരു നീ കണ്മണി എന്ന ഗാനവും യാസിൻ നാസറും മിഥുൻ ജയരാജും ചേർന്ന് ആലപിച്ചിട്ടുള്ള അങ്കം വെട്ടാൻ എന്ന ഗാനവും ഏതാനും ദിവസങ്ങൾ കൊണ്ട് തന്നെ അഞ്ചു ലക്ഷത്തിലധികം പേർ ആസ്വദിച്ചിട്ടുള്ളതാണ്.കോളേജ് പശ്ചാത്തലത്തിൽ കുടുംബബന്ധങ്ങളുടെ കഥ പറയുന്ന ആനന്ദപുരം ഡയറീസിൽ മീന കോളേജ് വിദ്യാർത്ഥിനിയായും വക്കീലായും വേഷമിടുന്നു.'ഇടം' എന്ന ചിത്രത്തിനു ശേഷം ജയ ജോസ് രാജ് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിൽ മനോജ് കെ ജയൻ, ശ്രീകാന്ത് സിദ്ധാർത്ഥ് ശിവ,സുധീർ കരമന,ജാഫർ ഇടുക്കി,അഡാർ ലവ് ഫെയിം റോഷൻ റഹൂഫ്,ജയകുമാർ, ജയരാജ് കോഴിക്കോട്, രാജേഷ് അഴീക്കോടൻ,അഭിഷേക്,അഖിൽ,സൂരജ് തേലക്കര,ശിഖ സന്തോഷ്,മീര നായർ,മാല പാർവ്വതി,ദേവീക ഗോപാൽ നായർ,രമ്യ സുരേഷ്,അഞ്ജന സാജൻ,ഗംഗ മീര,ആർജെ അഞ്ജലി,വൃദ്ധി വിശാൽ,അഞ്ജു മേരി,കുട്ടി അഖിൽ(കോമഡി സ്റ്റാർസ്) തുടങ്ങിയ പ്രമുഖ താരങ്ങൾ അഭിനയിക്കുന്നു.

നീൽ പ്രൊഡക്ഷൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ ബാനറിൽ ശശി ഗോപാലൻ നായർ കഥയെഴുതി നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം

സജിത്ത് പുരുഷൻ നിർവ്വഹിക്കുന്നു.റഫീഖ് അഹമ്മദ്,മനു മഞ്ജിത് എന്നിവരുടെ വരികൾക്ക് ഷാൻ റഹ്മാൻ, ആൽബർട്ട് വിജയൻ,ജാക്സൺ വിജയൻ എന്നിവർ സംഗീതം പകരുന്നു.എഡിറ്റർഅപ്പു ഭട്ടതിരി,ഷൈജാസ് കെ എം,പ്രൊജക്ട്ഡിസൈനർനാസ്സർ എം,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർസത്യകുമാർ,പി ശശികല,പ്രൊഡക്ഷൻ കൺട്രോളർവിനോദ് മംഗലത്ത്, കലസാബു മോഹൻ,മേക്കപ്പ്സജി കൊരട്ടി,സനൂപ് രാജ്,വസ്ത്രാലങ്കാരംഫെമിന ജബ്ബാർ,സ്റ്റിൽസ്

അജി മസ്ക്കറ്റ്,പരസ്യക്കലകോളിൻസ് ലിയോഫിൽ, കൊറിയോഗ്രാഫിബാബ ഭാസ്കർ സ്പ്രിംഗ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ ഉമേശ് അംബുജേന്ദ്രൻ, അസോസിയേറ്റ് ഡയറക്ടർകിരൺ എസ് മഞ്ചാടി,അസിസ്റ്റന്റ് ഡയറക്ടർവിഷ്ണു വിജയൻ ഇന്ദിര,അഭിഷേക് ശശിധരൻ,മിനി ഡേവിസ്,വിഷ്ണു ദേവ് എം ജെ, ശരത് കുമാർ എസ്, ചീഫ് അസോസിയേറ്റ് ക്യാമറമാൻ ക്ലിന്റോ ആന്റണി,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് മോഹൻദാസ് എം ആർ, പ്രൊഡക്ഷൻ മാനേജർജസ്റ്റിൻ കൊല്ലം,അസ്ലാം പുല്ലേപ്പടി,ലോക്കേഷൻ മാനേജർവന്ദന ഷാജു.പി ആർ ഒഎ എസ് ദിനേശ്.



കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസ്സോസിയേഷൻ(കെഎച്ച്ആർഎ)കലൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ കലൂർ ബസ്റ്റാൻഡ് പരിസരത്ത് തയ്യാറാക്കിയ ദാഹജല പന്തലിന്റെ ഉദ്ഘാടനം കെഎച്ച്ആർഎ ജില്ലാ പ്രസിഡന്റ് ടി ജെ മനോഹരൻ നിർവ്വഹിക്കുന്നു. എൻ.എച്ച് ഫൈസൽ, ഷെമീർ കിത്തക്കേരി, കെ.പി അസ്‌ലം, അസീസ് മൂസ, കെ.ടി.റഹിം, പി.എം.അബൂബക്കർ, എ.എം.ഇക്ബാൽ, എം.കമറാൻ, ബെന്നി നാനാട്ട്, അനീഷ് ചില്ലി വില്ലി, മരട് മോഹനൻ, ബിജു മാത്യു, ഹക്കിം മർഹബ എന്നിവർ സമീപം.

## കെഎച്ച്ആർഎയുടെ ദാഹജല പന്തൽ ഉദ്ഘാടനം ചെയ്തു

**കൊച്ചി:** കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസ്സോസിയേഷൻ(കെഎച്ച്ആർഎ)കലൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ കലൂർ ബസ്റ്റാൻഡ് പരിസരത്ത് തയ്യാറാക്കിയ ദാഹജല പന്തലിന്റെ ഉദ്ഘാടനം കെഎച്ച്ആർഎ ജില്ലാ പ്രസിഡന്റ് ടി ജെ മനോഹരൻ നിർവ്വഹിച്ചു.

കെഎച്ച്ആർഎ കലൂർ യൂണിറ്റ് പ്രസിഡന്റ് എൻ.എച്ച് ഫൈസൽ, സെക്രട്ടറി ഷെമീർ കിത്തക്കേരി, ട്രഷറർ കെ.പി അസ്‌ലം, സംസ്ഥാന വൈസ് പ്രസിഡന്റ് അസീസ് മൂസ, ജില്ലാ സെക്രട്ടറി കെ.ടി.റഹിം, ജില്ലാ ജോയിന്റ് സെക്രട്ടറി പി.എം. അബൂബക്കർ, സംസ്ഥാന കൗൺസിൽ അംഗം എ.എം.ഇക്ബാൽ, മേഖല സെക്രട്ടറി എം.കമറാൻ, ജില്ലാ കമ്മിറ്റി അംഗം ബെന്നി നാനാട്ട്, പാലാരിവട്ടം യൂണിറ്റ് പ്രസിഡന്റ് അനീഷ് ചില്ലി വില്ലി, മരട് മോഹനൻ, ബിജു മാത്യു, ഹക്കിം മർഹബ എന്നിവർ പ്രസംഗിച്ചു.

ദാഹജല പന്തൽ ഒരാഴ്ചക്കാലം പ്രവർത്തിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

# പ്രസക്തി നഷ്ടപ്പെട്ട ലോകായുക്തയെ പിരിച്ചു വിടണം : ജെ.എസ്.എസ്




**കൊച്ചി :** സംസ്ഥാന നിയമ സഭ ഭേദഗതി വരുത്തി പാസാക്കിയ ലോകായുക്ത ബില്ലിൽ രാഷ്ട്രപതി ഒപ്പിട്ടതോടുകൂടി ലോകായുക്ത എന്ന ജുഡീഷറി സംവിധാനത്തിന്റെ പ്രസക്തി പൂർണ്ണമായും നഷ്ടപ്പെട്ടുവെന്ന് ജെ.എസ്.എസ് സംസ്ഥാന കമ്മിറ്റി.

രാജഭരണ കാലത്ത് എക്സിക്യൂട്ടീവും ജുഡീഷറിയും രാജാവായിരുന്നു. ജനാധിപത്യ ഭരണത്തിൽ ഭരണകർത്താക്കളുടെ അഴിമതിയും സ്വജനപക്ഷപാതവും തടയുന്നതിനും ശിക്ഷാ നടപടി സ്വീകരിക്കുന്നതിനും അഴിമതി നിരോധന നിയമപ്രകാരം രൂപീകരിച്ചതാണ് ലോകായുക്ത.

ലോകായുക്തയുടെ കണ്ടെത്തലുകളെ നിരാകരിക്കാനുള്ള അധികാരം ഭരണകർത്താക്കളിൽ അർപ്പിതമാകുന്നതോടെ സ്വതന്ത്ര നീതിന്യായ വ്യവസ്ഥ അട്ടിമറിക്കപ്പെടുന്നു. നീതിന്യായ വ്യവസ്ഥയോട് പ്രതിപബദ്ധത ഉണ്ടെങ്കിൽ എത്രയും പെട്ടെന്ന് ലോകായുക്തയുടെ പഴയ അധികാരങ്ങൾ പുനസ്ഥാപിക്കണം. സംസ്ഥാന സർക്കാരിന്റെ കീഴിൽ വിജിലൻസ് സംവിധാനവും തുടർന്ന് ആയത് കൈകാര്യം ചെയ്യാൻ സ്വതന്ത്ര ജുഡീഷറിയും ഉള്ളത് കൊണ്ട് പ്രസക്തി ഇല്ലാത്തതും ഖജനാവിന് ഭാരിച്ച ചിലവ് വരുത്തുന്നതുമായ നിലവിലെ ലോകായുക്ത സംവിധാനം ഇല്ലാതിതിരിക്കുന്നതാണ് നല്ലതെന്ന് ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.എ.എൻ.രാജൻ ബാബു പറഞ്ഞു.

## ഇന്ദിരാ ഗാന്ധി സഹകരണ ആശുപത്രിയിൽ കാർഡിയോ തൊറാസിക് ആന്റ് വാസ്കുലാർ സർജറി വിഭാഗത്തിന്റെ ഉദ്ഘാടനം ഇന്ന്

**കൊച്ചി :** കടവന്ത്ര ഇന്ദിരാ ഗാന്ധി സഹകരണ ആശുപത്രിയിൽ കാർഡിയോ തൊറാസിക് ആന്റ് വാസ്കുലാർ സർജറി വിഭാഗത്തിന്റെ ഉദ്ഘാടനം ഇന്ന് (01.03.2024) വൈകിട്ട് 5ന് കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് ദേവൻ രാമചന്ദ്രൻ നിർവ്വഹിക്കും. ആശുപത്രി അങ്കണത്തിൽ ആശുപത്രി പ്രസിഡന്റ് എം.ഒ ജോണിന്റെ അധ്യക്ഷതയിൽ കൂടുന്ന ഉദ്ഘാടന യോഗത്തിൽ സെക്രട്ടറി അജയ് തറയിൽ, ഹൈബി ഈഡൻ എം.പി, ജെബി മേത്തർ എം.പി, ടി.ജെ.വിനോദ് എം.എൽ.എ, കോഓപ്പറേറ്റീവ് സൊസൈറ്റീസ് ജോയിന്റ് രജിസ്ട്രാർ ജൊസൽ ഫ്രാൻസീസ് തോപ്പിൽ, ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. എം.എം.ഹനീഷ്, മെഡിക്കൽ സൂപ്രണ്ട് ഡോ.സി.കെ.ബാലൻ, ആശുപത്രി ഡയറക്ടർമാരായ അഗസ്റ്റസ് സിറിൾ, ടി.എച്ച്.റഷീദ്, പി.വി.അഷറഫ്, ആലപ്പാട്ട് മുരളീധരൻ, ഡോ.ഹസീന മുഹമ്മദ്, ഇക്ബാൽ വലിയവീട്ടിൽ, ഇന്ദിരാബായി പ്രസാദ്, എൻ.എ.അബ്രാഹം, പി.ഡി.അശോകൻ, കെ.പി.വിജയകുമാർ, അഡ്വ.ബി.എ.അബ്ദുൾ മുത്തലിബ് തുടങ്ങിയവർ പ്രസംഗിക്കും.

ഡോ.ജോർജ് ജെ.വാളൂരാൻ, ഡോ.ജിയോ പോൾ സി, ഡോ.നിജിൽ ക്ലീറ്റസ്, ഡോ.സ്റ്റാൻലി ജോർജ്, ഡോ.രാഹുൽ ബോസ്, ഡോ.രാഗി രവീന്ദ്രൻ, ഡോ.ബിരൻ ആന്റണി, ഡോ.സ്നേഹ രാജേഷ് എന്നിവരുടെ നേതൃത്വത്തിലാണ് കാർഡിയോ തൊറാസിക് ആന്റ് വാസ്കുലാർ സർജറി വിഭാഗം പ്രവർത്തനം ആരംഭിക്കുന്നതെന്ന് ആശുപത്രി സെക്രട്ടറി അജയ് തറയിൽ പറഞ്ഞു. കേരളത്തിൽ സഹകരണ മേഖലയിൽ വളരെ കുറച്ച് ആശുപത്രികളിൽ മാത്രമാണ് ഇത്തരത്തിലുള്ള ഓപ്പൺ ഹാർട്ട് സർജറി വിഭാഗം ഉള്ളതെന്നും, ഏറ്റവും കുറഞ്ഞ നിരക്കാണ് ഈടാക്കുന്നതെന്നും സർക്കാരിന്റെ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായവർക്ക് (കാസ്പ്) ചികിത്സ സൗജന്യമാണെന്നും അദ്ദേഹം പറഞ്ഞു. നലവിൽ ആശുപത്രിയിൽ 30 വിഭാഗങ്ങളിലായി 70ൽ പരം ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ 18000 കീമോ തെറാപ്പികളും, 12000 ഡയാലിസിസും, 1200 കാൻസർ ഓപ്പറേഷനുകളും, 1100 കാത്ത്‌ലാബ് പ്രൊസീജറുകളും നടത്തിയതായും അജയ് തറയിൽ പറഞ്ഞു.

## തൊഴിലുറപ്പ് പദ്ധതി കാർഷിക മേഖലയിലേക്ക് വ്യാപിപ്പിക്കണമെന്ന്

**രാജാക്കാട്:** മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി കാർഷിക മേഖലയിലേക്ക് വ്യാപിപ്പിക്കണമെന്ന ആവശ്യം ശക്തമാകുന്നു. മറ്റു കൂലിപ്പണികൾക്കു പോകാൻ സാധിക്കാത്തവരാണ് കൂടുതലും തൊഴിലുറപ്പ് ജോലികൾക്ക് ഇറങ്ങുന്നത്. ഭൂരിഭാഗം ചെറുകിട കർഷകരും കന്നുകാലി,ആട് എന്നിവയെ വളർത്തി സംരക്ഷിക്കുന്നവരും സ്വന്തം കൃഷികൾ ചെയ്തു വരുന്നവരുമാണ്.ഇടുക്കിയിലെ കാർഷിക മേഖലയിൽ തൊഴിലുറപ്പ് തൊഴിലാളികളുടെ സഹായത്തോടെ വിളവെടുപ്പ് അടക്കമുള്ള കൃഷി ജോലികളും ചെയ്യാനായാൽ കാർഷിക വിളകളുടെ ഉത്പാദനം വർധിക്കുകയും കൂലിച്ചെലവ് കുറയുന്നതിനാൽ കർഷകനു നല്ല ഒരു വരുമാനവും ഉണ്ടാകുകയും ചെയ്യും. തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ കാലം മുതൽ ക്ഷീരമേഖലയിൽ പണിയെടുക്കുന്നവരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്നുണ്ടെങ്കിലും നാളിതുവരെയായി അതുണ്ടായിട്ടില്ല.

